"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാലക്കാട് ജില്ല, ചിറ്റൂർ താലൂക്കിൽ മഴവെള്ളസംഭരണത്തിനായി പാലക്കാട് വാട്ടർ കൺസർവേഷൻ ട്രസ്റ്റിന് ഭൂമി പാട്ടത്തിന് നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.75/2026/RD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:- 1. 06.02.2021 ലെ സ.ഉ(എം.എസ്) 48/2021/റവ നമ്പർ ഉത്തരവ്

2. 05.07.2022, 24.01.2023, 07.06.2023, 01.09.2023, 25.01.2025 തീയതികളിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/6894/2022-LR(J9) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്ക് വടകരപതി വില്ലേജിലെ ബ്ലോക്ക് 26 റീ.സ.നം. 141/1-ൽപ്പെട്ട 6.4700 ഹെക്ടർ (647 ആർ) ഭൂമി നിലവിലുളള കമ്പോളവിലയുടെ 0.5% വാർഷികപാട്ട നിരക്കിൽ ഓരോ മൂന്നു വർഷം കൂടുമ്പോൾ അപ്പോൾ നിലവിലുള്ള കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും, തുല്യഭൂമി ട്രസ്റ്റ് തിരികെ നൽകേണ്ടതാണെന്ന വ്യവസ്ഥയിലും മഴവെള്ളസംഭരണത്തിനായി പാലക്കാട് വാട്ടർ കൺസർവേഷൻ ട്രസ്റ്റിന് മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അനുവദിച്ച പാറ ഗർത്തങ്ങൾ ഉളള സ്ഥലത്തിന് വാർഷിക ലീസായി ഭീമമായ തുക നൽകേണ്ടി വരുമെന്നും ആയത് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ 09.06.2015 ലെ സ.ഉ.(എം.എസ്) 261/2015/റവ നമ്പർ ഉത്തരവ് പ്രകാരം കൈരളി ഹെറിറ്റേജ് സെന്ററിന് പ്രതിമ ഉദ്യാനത്തിന് 1 ഏക്കറിന് 100-/ രൂപ വാർഷിക പാട്ടം അനുവദിച്ച നിരക്കിൽ ഉത്തരവാകണമെന്നാവശ്യപ്പെട്ട് പാലക്കാട് വാട്ടർ കൺസർവേഷൻ ട്രസ്റ്റിന് വേണ്ടി മാനേജിംഗ് ട്രസ്റ്റി, അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

3.പാട്ടത്തിന് നൽകുവാൻ സർക്കാർ ഉത്തരവായ 6.4700 ഹെക്ടർ ഭൂമിയ്ക്ക് പകരം 6.0568 ഹെക്ടർ ഭൂമിയാണ് വിട്ടൊഴിയൽ നിയമപ്രകാരം അഹല്യ ഫൗണ്ടേഷൻ സർക്കാരിലേക്ക് വിട്ടൊഴിഞ്ഞിട്ടുള്ളതെന്നും, വടകരപ്പതി വില്ലേജ് ബ്ലോക്ക് 25, റീസർവേ നമ്പർ 283/5 ൽ 0.2381 ഹെക്ടർ ഏറ്റെടുക്കാൻ നിർദ്ദേശിച്ചതിൽ 0.0167 ഹെക്ടർ ഭൂമിയുടെ (1.67 ആർ) കുറവ് വന്നിട്ടുണ്ടെന്നും ആയതിനാൽ, പ്രസ്തുത 0.0167 ഹെക്ടർ കുറച്ച ശേഷമുള്ള 6.4533 ഹെക്ടർ ഭൂമി പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച ഉചിത തീരുമാനത്തിനായും, സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴവൻ ഭൂമിയും ടി സ്ഥാപനം നൽകിയതിന് ശേഷം മാത്രമേ പാട്ടത്തുക കുറയ്ക്കുന്നതിനുള്ള അപേക്ഷ

പരിഗണിക്കേണ്ടതുള്ളുവെന്നും പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവ് പ്രകാരം തുല്യ അളവിലുള്ള ഭൂമി സ്ഥാപനം സർക്കാരിലേക്ക് റിലിങ്കിഷ് ചെയ്യണമെന്ന വ്യവസ്ഥയോടെ പാട്ടത്തിന് നൽകുവാൻ സർക്കാർ ഉത്തരവായ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്ക് വടകരപതി വില്ലേജിലെ ബ്ലോക്ക് 26 റീ.സ.നം. 141/1-ൽപ്പെട്ട 6.4700 ഹെക്ടർ (647 ആർ) ഭൂമിക്ക് പകരം പ്രസ്തുത സ്ഥാപനം 6.0568 ഹെക്ടർ ഭൂമി മാത്രം സർക്കാരിലേക്ക് വിട്ടൊഴിഞ്ഞു തന്നിട്ടുള്ളതും ഇനി വിട്ടൊഴിയാൻ കഴിയുന്ന ഭൂമിയുടെ അളവ് 0.3965 ഹെക്ടർ മാത്രം ആയതിനാലും, സമാന സ്വഭാവമുള്ള ഭൂമിയായതു കൊണ്ടും, സർക്കാർ പാട്ടത്തിന് അനുവദിച്ചിരുന്ന ഭൂമിയുടെ അളവിൽ 1.67 ആർ (0.0167 ഹെക്ടർ) കുറവ് വരുത്തി 6.4533 ഹെക്ടർ എന്നാക്കി പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

ധനകാര്യ വകുപ്പ് (EXP-D3/182/2025-FIN)

പൊതുഭരണ എസ്.സി വകുപ്പ് (13.02.2026 ലെ മന്ത്രിസഭായോഗം ഇനം നമ്പർ 3672)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (REV-L1/79/2022-REV )

ഉത്തരവിൻ പ്രകാരം,

Signed by

Priya Vincent

Date: 17-02-2026 11:15:24

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എ-യ്ക്ക്